2022 ഒക്ടോബർ 20 ന് രാവിലെ 11.30 ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് & എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം. ബി.രാജേഷ് അവർകളുടെ അദ്ധ്യക്ഷതയിൽ, ചേമ്പറിൽ ചേർന്ന സംയോജിത കിലയുടെ പത്താമത് ഗവേണിംഗ് കൌൺസിൽ യോഗത്തിന്റെ മിനിറ്റ്സ്

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

| | | | |
|---|---|---|---|
| 1. | ശ്രീ. എം.ബി രാജേഷ്<br>ബഹു. തദ്ദേശസ്വയംഭരണ & എക്സൈസ് വകുപ്പ് മന്ത്രി | : | ചെയർപേഴ്സൺ |
| 2. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡിഷണൽ ചീഫ് സെക്രട്ടറി,<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | കൺവീനർ |
| 3. | ശ്രീ. എച്ച് ദിനേശൻ IAS<br>ഡയറക്ടർ ,<br>തദ്ദേശ സ്വയംഭരണ വകുപ്പ് (Rural) | : | മെമ്പർ |
| 4. | ശ്രീ. എം.ജി രാജമാണിക്യം IAS<br>പ്രിൻസിപ്പൽ ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | മെമ്പർ |
| 5. | ശ്രീ. കെ.എസ് അജയകുമാർ<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്<br>(ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി | : | മെമ്പർ |
| 6. | ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി<br>ബഹു. എം.എൽ.എ,<br>വടക്കാഞ്ചേരി നിയോജകമണ്ഡലം | : | മെമ്പർ |
| 7. | ശ്രീ. ബി. പി. മുരളി<br>പ്രസിഡണ്ട്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ | : | മെമ്പർ |
| 8. | ശ്രീമതി. കെ എം ഉഷ<br>പ്രസിഡണ്ട്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ | : | മെമ്പർ |
| 9. | അഡ്വ. ഡി. സുരേഷ് കുമാർ<br>സെക്രട്ടറി, കേരള ജില്ലാപഞ്ചായത്ത് അസോസിയേഷൻ<br>(കേരള ജില്ലാപഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ടിന്റെ പ്രതിനിധി) | : | മെമ്പർ |
| 10 | ശ്രീമതി. ഷൈനി ജോർജ്ജ്<br>അഡീഷണൽ സെക്രട്ടറി<br>(പ്ലാനിംഗ് & ഇക്കണോമിക് എഫയേഴ്സ് വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി) | : | മെമ്പർ |
| 11 | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | മെമ്പർ |

ഗവേണിംഗ് കൌൺസിൽ അദ്ധ്യക്ഷനായ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എല്ലാ അംഗങ്ങളെയും പ്രസ്തുത യോഗത്തിലേക്ക് സ്വാഗതം ചെയ്തു. അതോടൊപ്പം കില ഗവേർണിംഗ് കൗൺസിലിൽ ഗവൺമെന്റ് സെക്രട്ടറി, വകുപ്പ് മേധാവികൾ എന്നീ അംഗങ്ങൾക്ക് ടി യോഗത്തിൽ ഹാജരാകാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ പകരം അനുയോജ്യരായ ഉദ്യോഗസ്ഥരെ പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള ഗവൺമെന്റ് സെക്രട്ടറി, വകുപ്പ് മേധാവികൾ അല്ലാതെയുള്ള അംഗങ്ങൾക്ക് പകരക്കാരായി പ്രതിനിധികളെ കൗൺസിൽ യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതില്ല എന്നും എന്നാൽ മന്ത്രിമാരുടെ പ്രതിനിധിയായി എത്തുന്നവർക്ക് പ്രത്യേക ഇളവ് നൽകാവുന്നതാണെന്നും ഗവേണിംഗ് കൌൺസിൽ അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു. ഗവേർണിംഗ് കൗൺസിൽ അദ്ധ്യക്ഷന്റെ ടി അഭിപ്രായത്തോട് എല്ലാ യോഗ അംഗങ്ങളും അനുകൂലിച്ചുകൊണ്ട് ഐകകണ്ഠ്യേനമായി തീരുമാനമെടുത്തു.

ഐറ്റം നമ്പർ : 1

**2022 മെയ് 18 ന് ചേർന്ന സംയോജിത കിലയുടെ ഒമ്പതാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**

2022 മെയ് 18 ന് ചേർന്ന സംയോജിത കിലയുടെ ഒമ്പതാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുന്നു. **(അനുബന്ധം–1)**

**തീരുമാനം :**

**2022 മെയ് 18 ന് ചേർന്ന സംയോജിത കിലയുടെ ഒമ്പതാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു. സംയോജനം പൂർത്തീകരിച്ച സാഹചര്യത്തിൽ ഇനി മുതൽ സംയോജിത കില എന്ന് പ്രത്യേകം പരാമർശിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചു.**

ഐറ്റം നമ്പർ: 2

**മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 9 TH GOVERNING COUNCIL HELD ON 18/05/2022 | |
|---|---|
| Governing Council Decision | Action Taken |
| ഐറ്റം നമ്പർ : 1<br><br>2021 നവംബർ 17 ന് ചേർന്ന സംയോജിത കിലയുടെ എട്ടാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്<br><br>**തീരുമാനം** : 2021 നവംബർ 17 ന് ചേർന്ന സംയോജിത കിലയുടെ എട്ടാമത് ഗവേണിംഗ് കൌൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ: 2<br><br>മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം :**<br><br>1) മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടികൾ ഗവേർണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. | |
| 2) ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ശേഷം Lecturer Information Technology, Internal Auditor, Financial Assistant എന്നീ മൂന്ന് തസ്തികകളിലേക്കുള്ള നിയമന നടപടികൾ തുടർന്നാൽ മതിയെന്ന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. | WP(C) 198/2022 നമ്പർ കേസിലെ വിധിയുടെ നിർദ്ദേശാനുസരണം കാര്യങ്ങൾ ചെയ്തുവരുന്നു. 28/09/2022 തീയതിയിലെ LSGD-IB2/15/2022/LSGD നമ്പർ ഉത്തരവ് പ്രകാരം HR Policy സംബന്ധിച്ച് കില എംപ്ലോയീസ് അസോസിയേഷൻ സമർപ്പിച്ച നിവേദനം തീർപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| 3) ഡ്രൈവർ തസ്തികയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിലവിൽ സേവനം അനുഷ്ഠിച്ച് വരുന്നയാൾ തുടർന്ന് പോകുന്നതിന് ഗവേണിംഗ് കൌൺസിൽ അനുമതി നൽകി. | തീരുമാന പ്രകാരം ഡ്രൈവർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നയാളുടെ സേവനം തുടർന്നും ഉപയോഗിച്ചുവരുന്നു. എന്നാൽ നിരവധി കേന്ദ്രങ്ങളും പരിപാടികളും നടക്കുന്ന സ്ഥാപനമെന്ന നിലയിൽ സ്ഥിര നിയമനമില്ലാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് |
| 4) വിവിധ തസ്തികകളിലേക്കുള്ള നിയമന നടപടികൾക്ക് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താല്കാലികാടിസ്ഥാനത്തിൽ സേവനം ലഭ്യമാക്കി കിലയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി | |
| 5) കില കാമ്പസിൽ 100% സൌരോർജ്ജ സംവിധാനം അനെർട്ടുമായി സഹകരിച്ച് ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി | തീരുമാന പ്രകാരം ANERT - ൽ നിന്ന് ലഭ്യമാക്കിയ 75 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയതിനെത്തുടർന്ന് തുക അനുവദിക്കുന്നതിലേക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്നതിനനുസൃതമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| 6) ജനകീയാസൂത്രണത്തിന്റെ 25 - ാം വാർഷികത്തോടനുബന്ധിച്ച് നടത്തുവാൻ ഉദ്ദേശിക്കുന്ന അന്തർദേശീയ സെമിനാർ 2022 ഒക്ടോബർ മാസത്തിനുള്ളിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി | അന്തർദേശീയ സെമിനാറിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും പരിപാടി മാറ്റിവെക്കേണ്ടി വന്നു. പുതിയ തീയതി തീരുമാനിക്കേണ്ടതുണ്ട്. |
| 7) കില കാമ്പസിൽ നിലവിലുള്ള പഴയ മോഡൽ വേസ്റ്റ് മാനേജ്മെന്റ് മാതൃകകൾ നീക്കം ചെയ്ത് Waste Management- Live Models കിലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ | കില കാമ്പസിൽ നിലവിലുള്ള പഴയ മോഡൽ വേസ്റ്റ് മാനേജ്മെന്റ് മാതൃകകൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി കില കൺസൾട്ടിംഗ് എൻജിനീയറുടെ നേതൃത്വത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ഉപയോഗയോഗ്യമായ |

| | |
|---|---|
| ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി. ഇതിനായി കിലയുടെ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. | വസ്തുക്കൾ ഒന്നും തന്നെ ഇല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്, ആയതിനാൽ ടി മാതൃകകൾ പൊളിച്ചുമാറ്റുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ലൈവ് മോഡൽ സ്ഥാപിക്കുന്നതിന്റെ ചർച്ചയുടെ ഭാഗമായി തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ : 03**<br><br>ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്<br><br>**തീരുമാനം :** 2021-22 സാമ്പത്തിക വർഷത്തിൽ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി 75,000 രൂപ ഓഡിറ്റ് ഫീ നിരക്കിൽ M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ നിയമിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ആയതിനാവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി | തീരുമാന പ്രകാരം ഓഡിറ്ററെ നിയമിച്ചതിനെത്തുടർന്ന് 2021-22 സാമ്പത്തിക വർഷത്തിൽ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തി സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട് ഓഡിറ്റ് റിപ്പോർട്ട് **അനുബന്ധ** നം.5 ആയി ഇതോടൊപ്പം ഉൾച്ചേർത്തിട്ടുണ്ട് |
| **ഐറ്റം നമ്പർ : 04**<br><br>2022-23 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്<br><br>**തീരുമാനം :**<br><br>1) 2022-23 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.<br><br>2) അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് വിവിധ പ്രോജക്ടുകൾ കില നടപ്പിലാക്കുന്നത് അഭിനന്ദനാർഹമാണ് എന്ന് ഗവേണിംഗ് കൌൺസിൽ അഭിപ്രായപ്പെട്ടു. വിവിധ അന്താരാഷ്ട്ര ഏജൻസികളുമായി ചേർന്ന് സംസ്ഥാനത്തിന് ഗുണകരമായതും ചരടുകളില്ലാത്തതുമായ കൂടുതൽ | ബഡ്ജറ്റ് നടപടികൾ പൂർത്തീകരിച്ചു |

| | |
|---|---|
| പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിന് ഗവേണിംഗ് കൌൺസിൽ അനുമതി നൽകി. അതോടൊപ്പം വിവിധ സർക്കാരിതര ഏജൻസികളിൽ നിന്ന് ധനസഹായം സ്വരൂപിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ് എന്ന് ഗവേണിംഗ് കൌൺസിൽ അഭിപ്രായപ്പെട്ടു. | |
| 3) വിവിധ പ്രോജക്റ്റുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി പ്രത്യേകമായി ഫാക്കൽറ്റി/വിദഗ്ധരെ കൺസൾട്ടൻസി / താൽക്കാലികമായി നിയോഗിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ഇതിനായി കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി. | ഇതിൻ പ്രകാരം ആവശ്യാനുസരണം വിദഗ്ധരെ നിയോഗിക്കാറുണ്ട്. ടി വിദഗ്ധരുടെ ഫീസ് സംബന്ധിച്ച് കിലയുടെ MoA യുടെ ഖണ്ഡിക 8(4) പ്രകാരം കിലയിലെ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ/കൺസൾട്ടന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ വിശദാംശവും വേതനവും അടങ്ങിയ പ്രോട്ടോകോൾ എല്ലാ വർഷവും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. ആയത് 2022-23 സാമ്പത്തിക വർഷത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. |
| 4) കില നടപ്പിലാക്കുന്ന വിവിധ പരിശീലനങ്ങൾ, ശില്പശാലകൾ, പ്രോഗ്രാമുകൾ, പ്രോജക്റ്റുകൾ, പദ്ധതികൾ എന്നിവ വേണ്ട രീതിയിൽ പൊതുജന മദ്ധ്യത്തിൽ എത്തിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. അതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുവാനും അനുയോജ്യമായവരെ കണ്ടെത്തി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ഇതിന്റെ ഭാഗമായി ഒരു കമ്മ്യൂണിക്കേഷൻ വിംഗും ആശയ വിനിമയ ശൃംഖലയും വികസിപ്പിക്കുന്നതിന് (Development of Communication Network) ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ആയതിലേക്കാവശ്യമായ വിദഗ്ധരെ നിയോഗിക്കുന്നതിന് കില ഡയറക്ടർ | മീഡിയ അക്കാദമിയെ സമീപിച്ച് തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വരുന്നു. |

| | |
|---|---|
| ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി.<br><br>5) കിലയുടെ അർബൻ വിഭാഗത്തിൽ പുതിയ ഫാക്കൽറ്റി അംഗങ്ങളെ നിയമിച്ചതിനെത്തുടർന്ന് അർബൻ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ അഭിനന്ദനാർഹമാണ് എന്ന് ഗവേണിംഗ് കൌൺസിൽ അഭിപ്രായപ്പെട്ടു. അതുപോലെ റൂറൽ വിഭാഗത്തിലും കൂടുതൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | HR പോളിസി പൂർണ്ണമായി അംഗീകരിക്കുന്ന മുറക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| ഐറ്റം നമ്പർ : 5<br><br>കില - തളിപ്പറമ്പ് ക്യാമ്പസ് അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നത് - സംബന്ധിച്ച്<br><br>തീരുമാനം:<br><br>1) കില തളിപ്പറമ്പ ക്യാമ്പസിന്റെ വികസനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു.<br><br>2) കില തളിപ്പറമ്പ ക്യാമ്പസിന്റെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും International Stadium നിർമ്മിക്കുന്നതിനും ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു.<br><br>3) കില തളിപ്പറമ്പ ക്യാമ്പസ് Centre of Excellance ആയി ഉയർത്തുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. | കരട് മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. സ്റ്റേഡിയത്തിനായി Directorate of Sports & Affiars Department, Kerala - യുമായി ചർച്ചകൾ നടന്നുവരുന്നു.<br><br>തളിപ്പറമ്പ കേന്ദ്രം സെന്റർ ഫോർ എക്സലൻസ് ആയി രൂപപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിലേക്കായി 04/08/2022 തീയതിലെ സ.ഉ. (സാധാ) 1901/2022/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം പ്രൊഫ. സജി ഗോപിനാഥ് (വൈസ് ചാൻസലർ, കേരള ഡിജിറ്റൽ സർവ്വകലാശാല) ചെയർ പേഴ്സൺ ആയിട്ടുള്ള ആറംഗ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ഇതിനകം രണ്ട് യോഗങ്ങൾ ചേർന്നു. |

| | |
|---|---|
| 4) കില തളിപ്പറമ്പ് ക്യാമ്പസിനെ അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം, കേരള (International Centre for Leadership Studies, Kerala) എന്ന് പുനർനാമകരണം ചെയ്യുന്നതിനും ഈ കേന്ദ്രത്തിന് കീഴിൽ സ്ഥാപിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് ( Institute of Public Policy and Leadership) എന്ന് നാമകരണം ചെയ്യുന്നതിനും ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | കില തളിപ്പറമ്പ കേന്ദ്രം "അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം, കേരള" (International Centre for Leadership Studies, Kerala) എന്ന് പുനർനാമകരണം ചെയ്യുകയും ഈ കേന്ദ്രത്തിന് കീഴിൽ സ്ഥാപിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് ( Institute of Public Policy and Leadership) എന്ന് നാമകരണം ചെയ്തുകൊണ്ടും ഈ വർഷം തന്നെ കോഴ്സുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചുകൊണ്ട് 04/08/2022 തീയതിലെ സ.ഉ. (സാധാ) 1901/2022/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| 5) 2022-23 അധ്യയന വർഷത്തിൽ തന്നെ MA Social Entrepreneurship and Development, MA Public Policy and Development, MA Decetralisation and Local Governance എന്നീ 3 PG കോഴ്സുകൾ ആരംഭിക്കുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. ഇതിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി. അതോടൊപ്പം കോഴ്സ് തുടങ്ങുന്നതിനാവശ്യമായ വിവിധ മാനവ വിഭവ ശേഷി, സംവിധാനങ്ങൾ എന്നിവ സർവ്വകലാശാല നിർദ്ദേശിക്കുന്ന രീതിയിൽ ഒരുക്കുന്നതിനും കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം തുടർ നടപടികൾ കൈക്കൊണ്ടതിനെ തുടർന്ന് വിശദമായ **അജണ്ട ഐറ്റം നം.** 4 ആയി ഉൾച്ചേർത്തിട്ടുണ്ട് |
| ഐറ്റം നമ്പർ : 6 | |
| കില തളിപ്പറമ്പ കേന്ദ്രത്തിൽ അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണം സംബന്ധിച്ച്<br><br>**തീരുമാനം:**<br><br>1) കില തളിപ്പറമ്പ കേന്ദ്രത്തിൽ അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ | <br><br><br><br>കില തളിപ്പറമ്പ കേന്ദ്രത്തിൽ |

| | |
|---|---|
| നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടപ്പിലാക്കിയ മേൽ പ്രവർത്തനങ്ങളും നടപടികളും കില ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.<br><br>2) നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഗവേണിംഗ് കൗൺസിൽ നിർദ്ദേശിച്ചു<br><br>3) ഇതിനാവശ്യമായ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, മറ്റ് സാങ്കേതിക മേഖലകൾ എന്നിവക്കാവശ്യമായ വിദഗ്ധരെ കൺസൽട്ടൻസി അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതാണെന്ന് ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു | ഇന്റർനാഷണൽ ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾക്കായുള്ള ടെണ്ടർ നടപടികൾ Asst. Executive Engineer Taliparambu Block Panchayath നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു.<br><br>പുതിയ അക്കാദമിക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ വർക്ക് എൻജിനീയറിംഗ് കോളേജ് അധികൃതരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. തുടർ നടപടികൾ കൈക്കൊണ്ട് വരുന്നു.<br><br>തീരുമാന പ്രകാരം രണ്ട് വിദഗ്ധരുടെ (ടൗൺ പ്ലാനിംഗ്/ആർക്കിടെക്റ്റ്) സേവനം ഉപയോഗിച്ചുവരുന്നു |
| **ഐറ്റം നമ്പർ : 7**<br><br>കില തൃശ്ശൂർ ക്യാമ്പസിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നത് - സംബന്ധിച്ച്<br><br>**തീരുമാനം :**<br><br>1) കില തൃശ്ശൂർ ആസ്ഥാനത്ത് പുതിയ കോഴ്സുകൾ/ കോളേജ് തുടങ്ങുന്നത് സംബന്ധിച്ച് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ കില ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.<br><br>2) കില ആസ്ഥാനത്ത് പുതിയ കോളേജ് / കോഴ്സുകൾ തുടങ്ങുന്നതിന് ഭരണാനുമതി/NOC എന്നിവ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി. | തൃശ്ശൂർ കില ക്യാമ്പസ്സിൽ അന്താരാഷ്ട്ര നിലവാരമുള്ള രണ്ട് പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകളായ MA Gender & development studies, MA Rural Development & Governance എന്നിവ തുടങ്ങുന്നതിന്റെ ഭാഗമായി ഒരു പുതിയ കോളേജ് ആരംഭിക്കുന്നതിനും കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനുമായി 29/04/2022ന് കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതോടൊപ്പം അപേക്ഷ ഫീസായി ₹28,110/- അടച്ചിട്ടുണ്ട്. തുടർന്ന് സമർപ്പിച്ച അപേക്ഷയിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കേണ്ട രേഖകളുടെ |

| | |
|---|---|
| | ലിസ്റ്റ് ലഭ്യമായത് പ്രകാരം ആയതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഐറ്റം നമ്പർ - 8<br><br>a)പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്<br><br>b)UGC Pay Revision കില അക്കാദമിക് ജീവനക്കാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്<br><br>**തീരുമാനം :**<br><br>a)പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൌൺസിൽ അംഗീകരിക്കുകയും ആയത് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.<br><br>b)യു.ജി.സി ശമ്പളപരിഷ്കരണ ആനുകൂല്യം കില അക്കാദമിക്ക് ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൌൺസിൽ അംഗീകരിക്കുകയും ആയത് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. | പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യം കില ജീവനക്കാർക്ക് (ഭരണപരം) ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് |
| ഐറ്റം നമ്പർ : 9<br><br>റിപ്പോർട്ടിംഗ്<br><br>കില ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രോജക്ടുകൾ - സംബന്ധിച്ച്<br><br>**തീരുമാനം :**<br><br>1) കില ഏറ്റെടുത്ത് നടപ്പാക്കുന്ന മേൽ പദ്ധതികളും പരിപാടികളും കില ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.<br><br>2) കില KIIFB project മുഖേനയുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് നിർദ്ദേശിച്ചു.<br><br>3) കില KIIFB project മുഖേനയുള്ള | വിശദമായ വിവരങ്ങളടങ്ങിയ അജണ്ട ഐറ്റം നം. 6 ആയി ഉൾച്ചേർത്തിട്ടുണ്ട് |

| | |
|---|---|
| സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. | |
| 4) ഏകീകൃത വകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാർക്കും പരിശീലനം ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി സമാന സ്ഥാപനങ്ങളുമായി ചേർന്ന് രൂപപ്പെടുത്തി നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | ഏകീകൃത വകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാർക്കും പരിശീലനം നൽകുന്നതിലേക്കായി TNA തയ്യാറാക്കുന്നതിനായി കോട്ടയത്തുള്ള സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 5) Rebuild Kerala Initiative ന്റെ Programme For Results എന്ന പദ്ധതിയുടെ കൺസൾട്ടൻസി/ നോഡൽ ഏജൻസി ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുള്ളത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. പദ്ധതിയുടെ നടത്തിപ്പിലേക്കായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ അംഗീകരിച്ചു. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൗൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു. ഗവേണിംഗ് കൗൺസിൽ മുമ്പാകെ റിപ്പോർട്ട് അവതരിപ്പിക്കുന്നതാണ് |
| 6) കില , KDISC, CMD എന്നിവയുടെ സംയുക്ത സഹകരണത്താൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന One Local Government One Idea (OLOI) എന്ന പദ്ധതിയുടെ ധാരണാപത്രം ഒപ്പ് വെച്ചത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൗൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു. ഗവേണിംഗ് കൗൺസിൽ മുമ്പാകെ റിപ്പോർട്ട് അവതരിപ്പിക്കുന്നതാണ് |

| ACTION TAKEN REPORT ON THE DECISION OF THE 8 TH GOVERNING COUNCIL HELD ON 17/11/2021 | |
|---|---|
| Governing Council Decision | Action Taken |
| ഐറ്റം നമ്പർ: 02<br><br>മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം**<br><br>മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.<br><br>കില-കൊട്ടാരക്കര സെന്ററിൽ വനിതകൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നാളിതുവരെ തുക ലഭ്യമാക്കാത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. അതോടൊപ്പം മുനിസിപ്പാലിറ്റികളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ലഭ്യമാകേണ്ട ധനസഹായം ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. | ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കുന്നതിലേക്കായി ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് നം.കില/2019/101/6543/CHRD നമ്പർ കത്തു മുഖേന 07/06/2022 തീയതിയിൽ കത്ത് അയച്ചിട്ടുണ്ട്.<br><br>27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം 77 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നായി ആകെ 227.93 ലക്ഷം രൂപ 30-09-2022 വരെ ലഭ്യമായിട്ടുണ്ട്.<br><br>ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഇനിയും 228.07 ലക്ഷം രൂപ കിലക്ക് ലഭ്യമാവേണ്ടതുണ്ട്. |
| ഐറ്റം നം. 5<br>സയോജിത കിലയുടെ കരട് നിയമാവലി (Service Bye law) - സംബന്ധിച്ച്<br>**തീരുമാനം :**<br><br>1) വിയോജനക്കുറിപ്പ് : ബഹു.ഹൈക്കോടതിയിൽ WP (c) No.2097/2021 - നമ്പറായി കേസ് നിലവിലുള്ളതിനാൽ ബൈലോ ഭേദഗതി ചെയ്യുന്നതിന് നടപടിയെടുക്കുന്നതിലും ഭേദഗതി നിർദ്ദേശിക്കുന്ന വിഷയങ്ങളിലും ബഹു. ആലത്തൂർ എം.പി. കുമാരി രമ്യ ഹരിദാസിന്റെ 16/11/2021 തീയതിയിലെ വിയോജനക്കുറിപ്പ് ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്യുകയും കിലയുടെ സർവ്വീസ് ബൈലോ സംബന്ധിച്ച് കേസ് നിലവിലില്ലാത്തതിനാൽ ആയത് പ്രസക്തമല്ല എന്ന് വിലയിരുത്തി | വിശദമായ അജണ്ട ഐറ്റം നം. 3 ആയി ഉൾച്ചേർത്തിട്ടുണ്ട് |

| | |
|---|---|
| 2) സയോജിത കിലയുടെ കരട് നിയമാവലി (Service Bye law) ഗവേർണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ച സംയോജിത കിലയുടെ കരട് നിയമാവലി (Service Bye law) അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് (No: 2020/101/4110/HQ dated: 24/12/2021 ) |
| ഐറ്റം നമ്പർ - 6<br><br>സംയോജിത കിലയുടെ കരട് HR പോളിസി - സംബന്ധിച്ച്<br><br>തീരുമാനം :<br><br>സംയോജിത കിലയുടെ കരട് HR പോളിസി ഗവേർണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗങ്ങൾ നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ച സംയോജിത കിലയുടെ HR പോളിസി അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. (No: 2020/101/4110/HQ dated: 24/12/2021 ) |
| അഡീഷണൽ അജണ്ട<br>ഐറ്റം 1 :<br>കില വികസനം - ഭൂമി ഏറ്റെടുക്കുന്നതിലേക്കായി ബാക്കി തുകയായ 62 .74 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടക്കുന്നത് സംബന്ധിച്ച്<br>തീരുമാനം:<br><br>കില വികസനത്തിനായി കാമ്പസിനോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 62,74,24,040 രൂപ അടക്കേണ്ട സാഹചര്യത്തിൽ കിലയിൽ പ്രസ്തുത ആവശ്യത്തിലേക്കായി നീക്കിയിരിപ്പുള്ള 20,16,00,000 രൂപ കിഴിച്ച് ബാക്കിയാവശ്യമായ 42,58,24,040 രൂപ അധിക ധനസഹായമായി ലഭ്യമാക്കുന്നതിലേക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. | തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കിലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാരിൽ നിന്ന് ധനസഹായം അനുവദിച്ച് നൽകണമെന്ന ആവശ്യം പരിഗണിക്കാനാവില്ലായെന്നും ടി തുക കിലയുടെ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും 14/06/2022 തീയതിയിലെ തസ്വഭവ-ഐബി2/18/2022-തസ്വഭവ കത്ത് മുഖാന്തിരം അറിയിപ്പ് ലഭ്യമായിട്ടുണ്ട്. കില കാമ്പസിനോട് ചേർന്ന് കിടക്കുന്ന പ്രസ്തുത ഭൂമി കിലക്ക് ലഭ്യമാകുന്ന മുറക്ക് കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് പ്രകാരം 50 കോടി രൂപക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്ന മുറക്ക് മാത്രമേ കൺവെൻഷൻ സെന്ററിന്റെ |

| | |
|---|---|
| | നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഭൂമിയുടെ അടിസ്ഥാന വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഭരണാനുമതി ലഭ്യമായ ടി 50 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിനായി 17/06/2022 തീയതിയിലെ കില/2016/101/588 നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

**തീരുമാനം :**

**മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടികൾ ഗവേർണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി അംഗീകരിക്കുകയും** താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**18/05/2022 തീയതിയിലെ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനം -**

**ഐറ്റം നമ്പർ: 2 - മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

**ഐറ്റം നമ്പർ : 2 (3) :**

(1) **ഡ്രൈവർ തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നതുവരെ നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നയാളുടെ സേവനം തുടർന്ന് പോകുന്നതിന് ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു.**

(2) **23/01/2019 തീയതിയിൽ ചേർന്ന ഗവേണിംഗ് കൌൺസിൽ യോഗ അംഗീകാര പ്രകാരം കില ആസ്ഥാനത്തെ മൂന്നും, കൊട്ടാരക്കര കില സിഎച്ച്ആർഡി (മുൻ SIRD ) കേന്ദ്രത്തിലെ മൂന്നും ഉൾപ്പെടെ ആകെ 6 ഡ്രൈവർ തസ്തികകളിൽ ഒരു തസ്തിക കില ആസ്ഥാനത്തും ഒരു തസ്തിക കൊട്ടാരക്കര കില സിഎച്ച്ആർഡി (മുൻ SIRD ) കേന്ദ്രത്തിലും നിലനിർത്തിക്കൊണ്ടും ബാക്കി നാല് തസ്തികകൾ സൂപ്പർന്യൂമററി തസ്തികകളായിട്ടുമാണ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ കിലയുടെ വിവിധ ക്യാമ്പസുകളുടെ വിപുലീകരണവും പ്രവർത്തന മേഖലകളിലുള്ള വൈവിധ്യവൽക്കരണവും തുടർന്ന് വരുന്നതിനാൽ ഡ്രൈവർ തസ്തികകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത തസ്തികകളായ 6 ഡ്രൈവർ തസ്തികകളും നിലനിർത്താൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ആയതിലേക്കാവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിനും അടിയന്തിരമായി നിയമന നടപടികൾ പൂർത്തീകരിച്ച് ടി തസ്തികയിലേക്കുള്ള നിയമനം നടത്തുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**

(3) **കിലയിലെ ഡ്രൈവർ തസ്തികയിലേക്ക് 2021 ഫെബ്രുവരിയിൽ നിയമന നടപടിയുടെ ഭാഗമായി പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം**

ഉണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ 17/02/2021 തീയതിയിലെ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ച വിഷയവും പ്രസ്തുത തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് കില സ്വീകരിച്ച താഴെപ്പറയുന്ന നടപടികൾ 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

i) കിലയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും നൽകിയത് അനുസരിച്ച് 3639 അപേക്ഷകൾ ലഭിച്ചു. ആയതിൽ യോഗ്യത തെളിയിക്കുന്ന റെക്കോർഡുകൾ കിലയുടെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായുള്ള നിർദ്ദേശം നൽകിയതനുസരിച്ച് 1903 അപേക്ഷകൾ ആണ് ലഭിച്ചിരുന്നത്.ടി അപേക്ഷകളിൽ യോഗ്യരായ 689 ഉദ്യോഗാർത്ഥികൾക്ക് ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന്റെ ആദ്യഘട്ടമായ എഴുത്തുപരീക്ഷ Centre for Management Development (CMD) മുഖേന 10/01/2021 തീയതിയിൽ നടത്തുകയുണ്ടായി.

ii) എഴുത്തുപരീക്ഷയിൽ യോഗ്യരായ 146 ഉദ്യോഗാർത്ഥികൾക്ക് രണ്ടാം ഘട്ടമായി പ്രാക്ടിക്കൽ ടെസ്റ്റ് 08/02/2021, 09/02/2021, 11/02/2021 എന്നീ തീയതികളിൽ കേരള മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ കിലയുടെ ഗ്രൌണ്ടിൽ നടത്തുകയുണ്ടായി.

മേൽ പ്രതിപാദിച്ചത് പ്രകാരം സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് ഡ്രൈവർ തസ്തികയിലേക്കുള്ള നിയമന നടപടിക്രമങ്ങൾ കില സംഘടിപ്പിച്ചിരുന്നത് എന്ന് 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിലയിരുത്തി. ഡ്രൈവിംഗ് ടെസ്റ്റിൽ ആണ് പരാതി ഉണ്ടായത്. ആയതിനാൽ പ്രസ്തുത ഡ്രൈവർ തസ്തികയിലേക്കുള്ള പ്രാക്ടിക്കൽ ടെസ്റ്റിന് ക്ഷണിച്ചിരുന്ന 146 ഉദ്യോഗാർത്ഥികൾക്ക് വീണ്ടും പ്രാക്ടിക്കൽ/ഡ്രൈവിംഗ് ടെസ്റ്റ് നടത്തിയതിന് ശേഷം ഇന്റർവ്യൂ നടത്തി വിജ്ഞാപനം നടത്തിയ ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. ഇതിനായി കില ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ : 2(6) :**

ജനകീയാസൂത്രണത്തിന്റെ 25 - ാം വാർഷികത്തോടനുബന്ധിച്ച് നടത്തുവാൻ ഉദ്ദേശിക്കുന്ന അന്തർദേശീയ സെമിനാർ 2023 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിക്കാമെന്നുള്ള ധാരണയിൽ തുടർ നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി

**ഐറ്റം നമ്പർ : 2 (7) :**

കില കാമ്പസിൽ മാതൃകാ വേസ്റ്റ് മാനേജ്മെന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് – Live Models സ്ഥാപിക്കുന്നതിന് കില ഡയറക്ടർ ജനറൽ സ്വീകരിച്ച നടപടികൾക്ക് ഗവേർണിംഗ് കൗൺസിൽ അംഗീകാരം നൽകി.

Mobile STP plant കിലയിൽ സ്ഥാപിക്കുന്നത് ഫലപ്രദമാണോ എന്നതിനെ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഗവേർണിംഗ് കൗൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ : 4 (4)**

കിലയുടെ മേൽനോട്ടത്തിൽ Communication and Media മേഖലയിൽ യോഗ്യതയുള്ള

| | |
|---|---|
| | വിദഗ്ധരെ വിന്യസിച്ച് പ്രവർത്തനം വേഗത്തിൽ ആകുന്നതിനും, യോഗ്യതയുള്ള വിദ്യാർത്ഥികളെ Paid Interns എന്ന നിലയിൽ നിയോഗിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം എന്നും ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. |
| | ഐറ്റം നമ്പർ : 9 (4)<br>ഏകീകൃത വകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാർക്കും പരിശീലനം നൽകുന്നതിലേക്കായി TNA തയ്യാറാക്കുന്നതിനായി കില ഡയറക്ടർ ജനറൽ കൈക്കൊണ്ട നടപടി അംഗീകരിച്ചു. |
| | ഐറ്റം നമ്പർ : 9 (5,6)<br>ഗവേർണിംഗ് കൗൺസിൽ മുമ്പാകെ കില ഡയറക്ടർ ജനറൽ അവതരിപ്പിച്ച റിപ്പോർട്ടുകൾക്കും, സ്വീകരിച്ചുവരുന്ന നടപടികളും കില ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. |
| | 17/11/2021 തീയതിയിലെ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനം<br>ഐറ്റം നമ്പർ: 2 - മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ |
| | കില-കൊട്ടാരക്കര സെന്ററിലെ വനിതാ ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന തുക അതാത് ബ്ലോക്ക് പഞ്ചായത്തുകളുടെ ലിസ്റ്റ് സഹിതം ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ടിന് ലഭ്യമാക്കി കൊണ്ട് തുടർനടപടികൾ കൈക്കൊള്ളാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി അതോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ടിനോട് മേൽ തുക ലഭ്യമാക്കുന്നതിനുള്ള മുൻകൈ എടുക്കണമെന്ന് ഗവേണിംഗ് കൌൺസിൽ അഭിപ്രായപ്പെട്ടു. |
| | അഡീഷണൽ അജണ്ട<br>ഐറ്റം 1 :<br>കില വികസനം - ഭൂമി ഏറ്റെടുക്കുന്നതിലേക്കായി ബാക്കി തുകയായ 62 .74 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് അടക്കുന്നത് സംബന്ധിച്ച്<br><br>കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് പ്രകാരം 50 കോടി രൂപ കിലയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളത് കിലയുടെ വികസനത്തിനോടനുബന്ധിച്ച് ഭൂമി ഏറ്റെടുക്കുന്നതിലേക്കായി അനുവദിക്കണമെന്ന അപേക്ഷ ബഹു.വകുപ്പ് മന്ത്രിയുടെ ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു.<br><br>കിലയോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുത്ത ശേഷം കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിലേക്കായി മറ്റ് റവന്യൂ മാർഗ്ഗങ്ങൾ ആരായുവാനും, നബാർഡ് പോലുള്ള സർക്കാർ ഏജൻസികളെ ബന്ധപ്പെടുന്നതിനും ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. |
| | കില ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി തീർപ്പാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവേർണിംഗ് കൗൺസിൽ കില ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകി. |

ഐറ്റം നം. 3

**കില സർവ്വീസ് ബൈലോ ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്**

കില സെന്റർ ഫോർ അർബൻ ഗവേണൻസിൽ പുതുതായി സൃഷ്ടിച്ച സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയിൽ പി.എച്ച്.ഡി അനിവാര്യ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല എന്നും ആയത് കിലയുടെ സർവ്വീസ് ബൈലോയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ നിന്ന് വിഭിന്നമാണ് എന്നും, മേൽ യോഗ്യതകൾ അംഗീകരിച്ച് കൊണ്ട് കിലയുടെ സർവ്വീസ് ബൈലോയിൽ ഭേദഗതി വരുത്തിയത് ഗവേണിംഗ് കൗൺസിൽ തീരുമാനത്തിനു പകരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക വഴിയാണെന്നും മേൽ നടപടികൾ കിലയുടെ Memorandum of Association ലേയും സർവ്വീസ് ബൈലോയിലെയും നിബന്ധനകൾക്ക് വിരുദ്ധമായതിനാൽ ഈ തസ്തികകളിലേക്ക് നിയമനത്തിനായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകളും തസ്തികയുടെ യോഗ്യത അംഗീകരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുകളും കിലയുടെ സർവ്വീസ് ബൈലോ ഭേദഗതി ചെയ്തു കൊണ്ടും പുറപ്പെടുവിച്ച സർക്കാർ ഉത്തരവും റദ്ദ് ചെയ്യണമെന്ന ആവശ്യവുമായി കില ഗവേണിംഗ് കൗൺസിൽ അംഗം കൂടിയായ കുമാരി രമ്യ ഹരിദാസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തു ( WPC No-2097/2021 )

WPC No-2097/2021 നമ്പർ കേസിൽ കോടതി വിശദമായി വാദം കേൾക്കുകയും 30/06/2022 ൽ വിധി പുറപ്പെടുവിച്ചിട്ടുമുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. (**അനുബന്ധം- 2**) ആയതിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

Para 83. Perusal of Exhibit-R5(m) decision would also make it clear that the Governing Council has expressed satisfaction over the action taken on the decisions of the previous meeting; however, in G.O.(MS) No.115/2020/LSGD dated 31.07.2020, issued consequent to the creation of posts of Urban Chair Professor, Senior Urban Fellow and Urban Fellow, it was ordered that the bye-laws of KILA will stand amended incorporating these newly created posts and based on Government order, decided to amend the bye-laws of KILA, by incorporating these three permanent posts. In the said decision of the Governing Council, there is no reference at all to the decision taken by the academic council to dilute the essential qualification prescribed for the posts of Senior Urban Fellow and Urban Fellow.

84. Taking note of the above factual and legal circumstances, we have no hesitation to hold that the notifications invited for the posts of Senior Urban Fellow and Urban Fellow vide Exhibits-P12 and P13 notifications dated 21.12.2020, cannot be sustained under law. However, we find from the record of proceedings that the candidate appointed to the post of Senior Urban Fellow has Ph.D qualification. Even though several disputes are raised by the petitioner as regards the qualification of the present appointee, there is no material evidence before us to show that the said appointee suffers from any disqualification.

85. In that view of the matter, though the said notification is bad, for not prescribing the Ph.D qualification, we are not proposing to interfere with the appointment of the candidate, who is having Ph.D qualification. However, Exhibit-P13 notification dated 21.12.2020 issued by the Director General of KILA, inviting application for the post of Urban Fellow only with the essential qualification of Post-Graduation in (Urban/Regional)/City Planning/Urban Policy/Urban Development or equivalent Social Sciences, apart from other qualifications, cannot be sustained under law, being arbitrary and illegal having deleted the essential qualification of Ph.D. Therefore, we quash the said notification.

86. However, this will not stand in the way of KILA taking adequate action for inviting application to the post of Urban Fellow with the qualifications prescribed as per the Recruitment Rules attached to Exhibit-P2 service bye- laws. We also make it clear that Exhibits-P6 and P10 Government orders dated 26.06.2020 and 31.07.2020, insofar as they direct to incorporate the amendment of deletion of Ph.D qualification of Senior Urban Fellow and Urban Fellow in KILA Rules, 1990, also cannot be sustained under law, being arbitrary and illegal, and therefore, they are quashed to that extent.

**മേൽ വിധിന്യായം പ്രകാരം**

(1) സീനിയർ അർബൻ ഫെല്ലോ തസ്തികയിലേക്ക് പി.എച്ച്.ഡി ബിരുദമുള്ള ഡോ.കെ.രാജേഷിനെ നിയമിച്ച നടപടി ബഹു.കോടതി അംഗീകരിക്കുകയും നിയമനത്തിൽ ഇടപെടേണ്ടതായ കാരണങ്ങളില്ല എന്നും വിധി പ്രസ്താവിച്ചിട്ടുണ്ട്.

(2) കിലയുടെ സർവ്വീസ് ബൈലോയിലെ യോഗ്യതകൾ ഭേദഗതി ചെയ്തത് സ്വീകരിച്ചിരിക്കുന്ന നടപടികളുടെ അപാകത പരിഗണിച്ച് ഈ തസ്തികകളിലേക്കുള്ള നിയമനത്തിനായി പ്രസിദ്ധപ്പെടുത്തിയ Exhibit No.P12 , P13 നോട്ടിഫിക്കേഷനുകളും, തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി

നൽകികൊണ്ടും യോഗ്യത അംഗീകരിച്ചു കൊണ്ടും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സ.ഉ (എം.എസ്)നം.101/2020/തസ്വഭവ, തീയതി: 26/6/202 - Exhibit No.P 6), കിലയുടെ സർവ്വീസ് ബൈലോ ഭേദഗതി ചെയ്ത സർക്കാർ ഉത്തരവ് (സ.ഉ (എം.എസ്)നം.115/2020/തസ്വഭവ 31/7/2020 -Exhibit No.P 10) എന്നിവയിലെ Ph.D ബിരുദം ഒഴിവാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട് റദ്ദ് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കിലയുടെ സർവ്വീസ് ബൈലോ നിയമാനുസൃതം ഭേദഗതി ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ കില ഗവേണിംഗ് കൗൺസിൽ യോഗത്തിൽ തീരുമാനത്തിനായി സമർപ്പിക്കുന്നതിനുമായി ടി വിഷയം 20/08/2022 തീയതിയിൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ നിർദ്ദേശത്തിനും തീരുമാനത്തിനുമായി സമർപ്പിച്ചു

കോടതി വിധിക്കനുസൃതമായി കിലയുടെ സർവ്വീസ് ബൈലോ ഭേദഗതി വരുത്തുന്നതിനായി അടുത്ത കില ഗവേണിംഗ് കൗൺസിൽ യോഗം മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തിയത് പ്രകാരം ഭേദഗതിയോടെയുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ചുവടെച്ചേർക്കുന്നു.

| തസ്തിക | നിലവിലെ യോഗ്യത | ഭേദഗതിയോടെയുള്ള യോഗ്യത |
|---|---|---|
| Senior Urban Fellow (1 No) | • Post Graduate in (Urban/Regional) Planning/City planning/Urban Policy/Urban Development or equivalent Social Sciences(relevant to Urban Development) from reputed institute.<br>• 7-10 years of relevant work experience with ability to demonstrate strong analytical skills and work across a range of relevant sectors , experience in working with municipal and preferably State Governments.<br>• Experience in two of the following thematic areas:<br>Urban water resource management; GIS for data-driven decision making; Urban governance; Climate change adaption and resilience; Urban finance; Environmental planning; and/or related topics of concern to long -term Urban resilience in Indian cities.<br>• Experience in working with large data sets in an added advantage.<br>• Networking and partnership /liaison building skills, and co - ordination with a variety of stakeholders and organizations.<br>• Ability to communicate clearly and sensitively with internal and external stakeholders.<br>• Good analytical and knowledge management skills, including writing and presentation skills.<br>• Team player and ability to work under pressure and meeting deadlines. Problem solving attitude. Experience of managing teams and logistics. | • PhD<br>• Post Graduate in (Urban/Regional) Planning/City planning/Urban Policy/Urban Development or equivalent Social Sciences(relevant to Urban Development) from reputed institute.<br>• 7-10 years of relevant work experience with ability to demonstrate strong analytical skills and work across a range of relevant sectors , experience in working with municipal and preferably State Governments.<br>• Experience in two of the following thematic areas:<br>Urban water resource management; GIS for data-driven decision making; Urban governance; Climate change adaption and resilience; Urban finance; Environmental planning; and/or related topics of concern to long -term Urban resilience in Indian cities.<br>• Experience in working with large data sets in an added advantage.<br>• Networking and partnership /liaison building skills, and co - ordination with a variety of stakeholders and organizations.<br>• Ability to communicate clearly and sensitively with internal and external stakeholders.<br>• Good analytical and knowledge management skills, including writing and |

| | | |
|---|---|---|
| | • Skills in MS Office, relevant planning/implementation Tools. | presentation skills.<br>• Team player and ability to work under pressure and meeting deadlines. Problem solving attitude. Experience of managing teams and logistics.<br>• Skills in MS Office, relevant planning/implementation Tools. |
| Urban Fellow (1 No) | • Post Graduate in (Urban/Regional) Planning/City Planning/Urban Policy/Urban Development or equivalent Social Sciences (relevant to Urban Development) from reputed institute.<br>• 3-5 years of relevant work experience with ability to demonstrate strong analytical skills and work across a range of relevant sectors.<br>• Knowledge in climate change resilience and experience in working with large data sets is an added advantage.<br>• Ability to communicate clearly and sensitively with internal and external stakeholders. Good analytical and knowledge management skills, including writing and presentation skills.<br>• Skills in MS Office, relevant planning/implementation Tools. | • PhD<br>• Post Graduate in (Urban/Regional) Planning/City Planning/Urban Policy/Urban Development or equivalent Social Sciences (relevant to Urban Development) from reputed institute.<br>• 3-5 years of relevant work experience with ability to demonstrate strong analytical skills and work across a range of relevant sectors.<br>• Knowledge in climate change resilience and experience in working with large data sets is an added advantage.<br>• Ability to communicate clearly and sensitively with internal and external stakeholders. Good analytical and knowledge management skills, including writing and presentation skills.<br>• Skills in MS Office, relevant planning/implementation Tools. |

കോടതി വിധിന്യായാനുസരണം സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ എന്നി തസ്തികകളിലേക്കുള്ള യോഗ്യതകളിൽ പിഎച്ച്ഡി കൂടി ഉൾപ്പെടുത്തിക്കൊണ്ട് കിലയുടെ സർവ്വീസ് ബൈലോയിൽ ഭേദഗതി വരുത്തുന്നതിനും ടി തസ്തികകളിലേക്കുള്ള പുതുക്കിയ യോഗ്യതകൾ അംഗീകരിക്കുന്നതിലേക്കുമായി എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ പ്രകാരം ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം**

**സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ എന്നി തസ്തികകൾക്ക് പി.എച്ച്.ഡി യോഗ്യത കൂടി ഉൾപ്പെട്ടുത്തി കൊണ്ട് തയ്യാറാക്കിയ പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി.**

ഐറ്റം നം. 4

## കില - തളിപ്പറമ്പ് ക്യാമ്പസ് അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നത് - സംബന്ധിച്ച്

കില തളിപ്പറമ്പ കേന്ദ്രം അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം, കേരള (International Centre for Leadership Studies, Kerala) എന്ന് പുനർനാമകരണം ചെയ്യുകയും ഈ കേന്ദ്രത്തിന് കീഴിൽ സ്ഥാപിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് ( Institute of Public Policy and Leadership) എന്ന് നാമകരണം ചെയ്തുകൊണ്ടും ഈ വർഷം തന്നെ കോഴ്സുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചുകൊണ്ട് 04/08/2022 തീയതിലെ സ.ഉ. (സാധാ) 1901/2022/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

കില തളിപ്പറമ്പ കേന്ദ്രത്തിലെ അന്താരാഷ്ട്ര നേതൃ പഠന കേന്ദ്രം- കേരള - യുടെ ഉദ്ഘാടനവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് കോളജ്, ഹോസ്റ്റൽ എന്നിവയുടെ ശിലാസ്ഥാപനവും 2022 ജൂൺ 13 - ന് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു.

തളിപ്പറമ്പ കേന്ദ്രം സെന്റർ ഫോർ എക്സലൻസ് ആയി രൂപപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിലേക്കായി പ്രൊഫ. സജി ഗോപിനാഥ് (വൈസ് ചാൻസലർ, കേരള ഡിജിറ്റൽ സർവ്വകലാശാല) ചെയർ പേഴ്സൺ ആയിട്ടുള്ള ആറംഗ കമ്മറ്റി 04/08/2022 തീയതിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

1. **പുതിയ കോളേജ്/കോഴ്സുകൾ**

താഴെപ്പറയുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

i) MA Social Entrepreneurship and Development - 15 സീറ്റ്
ii) MA Public Policy and Development - 15 സീറ്റ്
iii) MA Decetralisation and Local Governance - 15 സീറ്റ്

20/08/2022 തീയതിയിൽ ചേർന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ കില എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ കില തളിപ്പറമ്പ അന്താരാഷ്ട്ര നേതൃപഠന കേന്ദ്രത്തിന് കീഴിലുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിലാരംഭിക്കുന്ന ഈ മൂന്ന് പിജി കോഴ്സുകളും മികച്ച നിലവാരത്തിലും വീഴ്ച്ചകൂടാതെയും നടപ്പാക്കുന്നതിനും അക്കാദമിക വിഭാഗത്തിന്റെതലവനായി (Head) ഡയറക്ടർ / പ്രിൻസിപ്പാൾ, കോർ ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുടെ നിയമനം, കാര്യക്ഷമമായി കോഴ്സ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും ഘട്ടം ഘട്ടമായി തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്

**1.1 കോഴ്സുകളുടെ അംഗീകാരം**

i) കണ്ണൂർ സർവ്വകലാശാലയിൽ നിന്നും 22/07/2022 ന് മൂന്ന് കോഴ്സുകൾക്കുള്ള അംഗീകാരം ലഭിച്ചു

ii) സിലബസ് സംബന്ധിച്ച ശില്പശാലകൾ സംഘടിപ്പിക്കുകയും കരട് സിലബസുകൾ കണ്ണൂർ സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുണ്ട്.

1.2 ഭൗതിക സാഹചര്യം

i) കോഴ്സ് ആരംഭിക്കുന്നതിന് കാമ്പസിലെ സൌകര്യങ്ങൾ കണ്ണൂർ സർവ്വകലാശാലക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

ii) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും തളിപ്പറമ്പ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്

iii) ലൈബ്രറി സംവിധാനം - നിലവിൽ തളപ്പറമ്പ കാമ്പസിൽ ലൈബ്രറി സംവിധാനം ഉണ്ട്. അതോടൊപ്പം കില ആസ്ഥാനത്തെ ലൈബ്രറി സംവിധാനം കൂടി ഉപയോഗിക്കാവുന്നതാണ്.

iv) അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്റർ നാഷണൽ അക്കാദമിക് ബ്ലോക്ക്,ഹോസറ്റൽ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

1.3 മാനവ വിഭവ ശേഷി

ഫാക്കൽറ്റി - നിലവിൽ കിലയിലുള്ള അക്കാദമിക് ഫാക്കൽറ്റികളെ ഈ കോഴ്സിന്റെ ഭാഗമാക്കാവുന്നതാണ്. നിലവിൽ പിഎച്ച്ഡി യോഗ്യതയുള്ള 11 പേരും പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് യോഗ്യതയുള്ള മൂന്ന് പേരും, NET യോഗ്യതയുള്ള 8 പേരും NET with M.Phil യോഗ്യതയുള്ള മൂന്ന് പേരും M.Phil യോഗ്യതയുള്ള ഒരാളും കിലയുടെ ഫാക്കൽറ്റി അംഗങ്ങളായിട്ടുണ്ട്. കൂടാതെ ആവശ്യായ ഗസ്റ്റ് ലക്ചററർമാരെ നിയോഗിക്കേണ്ടതുണ്ട്.

1.4 ഡയറക്ടർ - കോളേജ് പ്രിൻസിപ്പാളിന് തത്തുല്യമായ ഡയറക്ടറെ നിയോഗിക്കേണ്ടതുണ്ട്. നിലവിൽ കിലയിൽ തന്നെ യോഗ്യതയുള്ള അക്കാദമിക് ഫാക്കൽറ്റിക്ക് താൽക്കാലിക ചുമതല നൽകാവുന്നതാണ്. തുടർന്ന് സംയോജിത കിലയുടെ HR പോളിസിയും പുതുക്കിയ ബൈലോയും സർക്കാരിൽ നിന്ന് അംഗീകരിച്ച് ലഭ്യമാകുന്ന മുറക്ക് അതിൽ പ്രകാരം ഡയറക്ടർ തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി നിലവിലുള്ള തസ്തിക റിഡെസിഗ്നേറ്റ് ചെയ്ത് നിയമന നടപടികൾ നടത്താവുന്നതാണ്.

1.5 സപ്പോർട്ട് സ്റ്റാഫ് - കിലയുടെ ചുമതലയിലുള്ള വിവിധ കേന്ദ്രങ്ങളിലെ ജീവനക്കാരെ ആവശ്യാനുസരണം പുനർവിന്യസിക്കാവുന്നതാണ്.

1.6 അക്കാദമിക് കോഴ്സ് കോർഡിനേറ്റർ - കിലയിൽ നിലവിലുള്ള തസ്തികയിൽ നിന്ന് യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത യോഗ്യതയുള്ളവരെ അക്കാദമിക് കോഴ്സ് കോർഡിനേറ്ററായി നിയമിക്കാവുന്നതാണ്.

1.7 ഗസ്റ്റ് ലക്ചറർ - ഗസ്റ്റ് ലക്ചറർമാരെ യൂണിവേഴ്സിറ്റി മാനദണ്ഡ പ്രകാരം ആവശ്യാനുസരണം നിയോഗിക്കാവുന്നതാണ്..

1.8 വിഷയ വിദഗ്ധർ - ദേശീയ - അന്തർദേശീയ തലത്തിലുള്ള വിഷയ വിദഗ്ധരെ കണ്ടെത്തി പ്രഭാഷണ പരമ്പര, സെമിനാർ, കോൺഫറൻസ് എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

1.9 സാമ്പത്തികം

i) ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി അടിയന്തിരമായി തൽക്കാലം പ്രത്യേക ഫണ്ടിന്റെ ആവശ്യകതയില്ല. സർക്കാരിൽ നിന്നും

ഭൗതിക സാഹചര്യങ്ങളുടെ വിപുലീകരണത്തിന് വേണ്ടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ളതിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കാവുന്നതാണ്.

ii) അക്കാദമിക് പ്രവർത്തനങ്ങൾക്കായി പ്രത്യേകമായി ഫണ്ട് അനുവദിക്കേണ്ടതില്ല. കിലയുടെ വാർഷിക പദ്ധതിയിൽ സർക്കാരിൽ നിന്നും വിവിധ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതിൽ നിന്നും കാര്യശേഷി വികസന ശീർഷകത്തിൽ ഉൾപ്പെടുത്തി കോഴ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

iii) കിലയിൽ ആരംഭിക്കുന്ന മൂന്ന് പി. ജി. കോഴ്സുകളും സെൽഫ് ഫിനാൻസിംഗ് മോഡിലുള്ളവയായതിനാൽ ട്യൂഷൻ ഫീസായി ഓരോ സെമെസ്റ്ററിനും 15,000 രൂപയായി നിശ്ചയിച്ചുകൊണ്ടും ആദ്യ രണ്ടു വർഷത്തേക്ക് ഓരോ സെമെസ്റ്ററിനും 5000 രൂപയായി നിജപ്പെടുത്താവുന്നതുമാണ്.

iv) സർക്കാരിന്റെ തീരുമാനപ്രകാരമുള്ള ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ള വിഭാഗങ്ങൾക്ക് അതിൻപ്രകാരമുള്ള തുകയായിരിക്കും.

### 1.10 താമസം/ഭക്ഷണം

വിദ്യാർത്ഥികൾക്കുള്ള താമസവും ഭക്ഷണവും Subsidised നിരക്കിൽ നൽകാവുന്നതാണ്. നിലവിൽ കിലയിലെ ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾക്ക് ഈ സൌകര്യം നൽകി വരുന്നുണ്ട്. ആയത് താമസ ചെലവ് ഒരു ദിവസത്തേക്ക് 75 രൂപ, ഭക്ഷണത്തിന് ഒരു ദിവസത്തേക്ക് 75 രൂപയുമാണ്. എന്നാൽ ആദ്യഘട്ടമെന്ന നിലയിലും നീണ്ട കാലയളവാണെന്നതിനാലും വിദ്യാർത്ഥികൾക്ക് പ്രതിമാസം താമസത്തിന് 1500 രൂപയായും ഭക്ഷണത്തിന് 2000 രൂപയുമായി നിജപ്പെടുത്താവുന്നതാണ്.

### 1.11 പ്രവേശനം

അൺ എയ്ഡഡ് കോളേജുകൾക്ക്

i) സർവ്വകലാശാല പ്രഖ്യാപിച്ചിട്ടുള്ള സംവരണ മാനദണ്ഡങ്ങൾ ഈ കോഴ്സുകൾക്ക് ബാധകമായിരിക്കും

ii) തദ്ദേശസ്ഥാപനങ്ങളിലെ കാലാവധി പൂർത്തിയാക്കിയിട്ടുള്ള ഒരു ജനപ്രതിനിധിക്കും നിലവിലുള്ള ഒരു ജീവനക്കാരനും ഓരോ കോഴ്സിലും സംവരണം ഏർപ്പെടുത്താവുന്നതാണ്.

iii) അടിയന്തിരമായി അപേക്ഷ ക്ഷണിക്കേണ്ടതുണ്ട്. അഖിലേന്ത്യാ തലത്തിൽ അപേക്ഷ ക്ഷണിക്കാവുന്നതും ആവശ്യമെങ്കിൽ പ്രവേശന പരീക്ഷയും ഇന്റർവ്യൂവും നടത്താവുന്നതുമാണ്.

### 1.12 ബഡ്ജറ്റ്

| # | Particulars | Amount (Rs. in Lakhs) | Source of Fund | Remarks |
|---|---|---|---|---|
| 1 | Guest Lecturer (4GL*20 days*10 months @Rs.1750 )= Rs.14,00,000 | 14.00 | Already approved KILA Plan Grant (Capability Building) | 1600 ലക്ഷം രൂപ Capability Development എന്ന ശീർഷകത്തിൽ 2022-23 –ലെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും കണ്ടെത്താം |

| # | Particulars | Amount (Rs. in Lakhs) | Source of Fund | Remarks |
|---|---|---|---|---|
| 2 | Seminars/Conference/Research/Renowned Experts | 20.00 | Already approved KILA Plan Grant | 100 ലക്ഷം രൂപ ദേശീയ/അന്തർദേശീയ കോൺഫറൻസുകൾക്കായി 2022-23 – ലെ അംഗീകൃത പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കണ്ടെത്താം |
| 3 | Faculty Improvement Programme | 5.00 | Already approved KILA Plan Grant | 5 ലക്ഷം രൂപ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനായി 2022-23 – ലെ അംഗീകൃത പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കണ്ടെത്താം |
| 4 | Library | 10.00 | Already approved KILA Plan Grant | 15 ലക്ഷം രൂപ അപ്ഗ്രേഡേഷൻ ഓഫ് ലൈബ്രറിക്കായി 2022-23 – ലെ അംഗീകൃത പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കണ്ടെത്താം |
| 5 | Field Visit/Exposure Visit/Local Visits | 5.00 | Already approved KILA Plan Grant (Institutional Facilities) | 75 ലക്ഷം രൂപ ഡെവലപ്പ്മെന്റ് ഓഫ് സെന്റേഴ്സിനായി 2022-23 – ലെ അംഗീകൃത പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കണ്ടെത്താം |
| | TOTAL | 54.00 | | |
| | Infrastructure Development | 421.12 | Already approved KILA Plan Grant | 390 ലക്ഷം രൂപ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എന്ന ശീർഷകത്തിലും 31.12 ലക്ഷം രൂപ കമ്പ്യൂട്ടർ പർച്ചേസിലേക്കുമായി 2022-23 – ലെ അംഗീകൃത പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. |
| | **Grand Total** | **475.12** | | |

**കില തളിപ്പറമ്പ ക്യാമ്പസുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ അംഗീകാരത്തിനും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനത്തിനുമായി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**കില തളിപ്പറമ്പ ക്യാമ്പസ് അന്താരാഷ്ട്ര നേതൃപഠന കേന്ദ്രമാക്കി ഉയർത്തുന്നതിലേക്ക് നാളിതുവരെ കില ഡയറക്ടർ ജനറൽ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങളിൽ ഗവേർണിംഗ് കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി. തുടർപ്രവർത്തനവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള മേൽ പ്രൊപ്പോസൽ ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ - 5

ഓഡിറ്റ് റിപ്പോർട്ട്: 2021-22 അംഗീകരിക്കുന്നത് സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷത്തിലെ കണക്കുകൾ M/s SGS & Company, Chartered Accountants, Thrissur എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ടൻറ്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെൻറ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ 13/10/2022 തീയതി ഒപ്പവെച്ച് സമർപ്പിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും 19/10/2022 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങളും അഭിപ്രായക്കുറിപ്പും ചുവടെച്ചേർക്കുന്നു.

| ക്ര. നം | നിരീക്ഷണങ്ങൾ | അഭിപ്രായ കുറിപ്പ് |
|---|---|---|
| 1. | Service Tax അപ്പീൽ - 2012-13 മുതൽ 2014-15 വരെയും 2015-16 മുതൽ 2016-17 വരെയുള്ള കാലഘട്ടങ്ങളിലെ സംസ്ഥാന സർക്കാരിൽ നിന്നും കിലക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ് (പ്ലാൻ) ധനസഹായത്താൽ നടപ്പിലാക്കിയ കാര്യശേഷി വികസന പരിപാടികൾക്ക് ആകെ 8.33 കോടി രൂപ സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ട് Central Board of Indirect Tax and Customs ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസിന്മേൽ Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീലിന്മേൽ ഹിയറിംഗ് നടത്തി തീർപ്പ് കൽപ്പിച്ചിട്ടില്ല. . | • Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ് എന്നത് രേഖപ്പെടുത്തുന്നു.<br>• കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കിയിട്ടുള്ളത് പോലെതന്നെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചത് പ്രകാരം കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് സംസ്ഥാന സർക്കാർ 12/8/2022 |

| | | |
| --- | --- | --- |
| | | തീയതിൽ D.O. No. LSGD / IB2/157/21-LSGD നമ്പർ കത്ത് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ടി വിഷയം MP conference ൽ പ്രത്യേക അജണ്ടയായി ഉൾപെടുത്തുന്നതിനുള്ള നടപടികൾക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 2. | **GST ബാധ്യത സംബന്ധിച്ച്** – G.S.T (Goods and Service Tax) യുടെ കീഴിൽ സെക്യൂരിറ്റി സർവ്വീസ് ചാർജ്ജ് ജി എസ്.ടി (Reverse Caharge) ഉൾപ്പെട്ടതിനാൽ, ആയതിന്റെ ബാധ്യത തീർപ്പാക്കിയിട്ടില്ല. | ഈ വിഷയം ഓഡിറ്ററുമായി ചർച്ച ചെയ്തതിനെ തുടർന്ന് സെക്യൂരിറ്റി സർവ്വീസ് ചാർജ്ജിന്റെ ബില്ലിൽ നിന്നും GST തുക കിഴിച്ച് ബാക്കി തുക സെക്യൂരിറ്റിക്ക് ഏജൻസിക്ക് നൽകുന്നതിനും GST തുക കില നേരിട്ട് അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 3. | കിലയിൽ നിന്നും നൽകിയ മുൻകൂർ തുകകൾ മൂന്ന് വർഷക്കാലമായിട്ടും തീർപ്പാക്കാത്തത് സംബന്ധിച്ച വിശദാംശം റിപ്പോർട്ടിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. ആയത് തീർപ്പാക്കുന്നതിന് ഉചിത നടപടികൾ എടുക്കേണ്ടതുണ്ട്. | • കിലയിൽ നിന്നും വിവിധ പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, അസി. ഡെവലപ്പ്മെന്റ് കമ്മീഷണർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ജില്ലാ ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാർ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ തുടങ്ങിയ കാര്യാലയങ്ങളിലേക്ക് നൽകിയ തുകയാണ് കൂടുതലായും തീർപ്പാക്കാനുള്ളത്.<br>• മുൻകൂർ തുകകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| 4. | Tax Deducted at Source (TDS) **സംബന്ധിച്ച്** - 31/03/2022 തീയതിയിൽ രേഖപ്പെടുത്തിയിട്ടുള്ള Provisional Expense – കൾക്ക് 1961 ലെ Income Tax Act പ്രകാരം TDS ബാധകമാക്കിയിട്ടില്ല | • മാർച്ച് മാസത്തിലെ ബില്ലുകൾ ടി മാസത്തിൽ തന്നെ ശേഖരിച്ച് TDS കിഴിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**കിലയുടെ വരവ് ചെലവ് കണക്ക് സംബന്ധിച്ച്**

2021-22 സാമ്പത്തിക വർഷത്തിൽ കിലയുടെ ആകെ വരുമാനം 1017.90 ലക്ഷം രൂപയും ആകെ ചെലവ് 1105.40 ലക്ഷം രൂപയുമാണ്.എന്നാൽ Depreciation തുകയായ 211.56 ലക്ഷം രൂപ അക്കൗണ്ട് ചെയ്യുന്നതിന് മുമ്പ് കിലയുടെ അധിക വരുമാനം 124.06 ലക്ഷം രൂപ ആണ്. Depreciation അക്കൗണ്ട് ചെയ്തതിന് ശേഷമാണ് അധിക ചെലവ് 87.50 ലക്ഷം രൂപയായിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു .

| Particulars | Rs. in Lakh |
|---|---|
| Total Income | 1017.90 |
| Total expenditure before Depreciation | 893.84 |
| Excess of Income over Expenditure before Depreciation | 124.06 |
| Depreciation | 211.56 |
| Total expenditure after Depreciation | 1105.40 |
| Excess of Expenditure over Income after Depreciation | 87.50 |

**സർക്കാർ ധനസഹായം സംബന്ധിച്ച്**

1) 2020-21 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ അംഗീകാരം ലഭ്യമായതും e.LAMS ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയായ 455.84 ലക്ഷം രൂപയും തൃശ്ശൂർ ജില്ലാ ട്രഷറിയിൽ കില ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ നിന്നും 2021 മാർച്ച് മാസത്തിൽസർക്കാർ പിൻവലിച്ച തുകയായ 403.11 ലക്ഷം രൂപയും 2018 മാർച്ച് മാസത്തിൽസർക്കാർ പിൻവലിച്ച തുകയിൽ നിന്നും കില ഓഡിറ്റോറിയത്തിന്റെ നവീകരണത്തിനായി 200 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. അതോടൊപ്പം 2021 മാർച്ച് മാസത്തിൽസർക്കാർ പിൻവലിച്ച മുൻAHADS CCPRM ന്റെ തുകയായ 192.91 ലക്ഷം രൂപയും ടി സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്.

2) 2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതമായ 3000 ലക്ഷം രൂപയിൽ 1137 ലക്ഷം രൂപ കിലയ്ക്ക് ലഭിച്ചു. (894. 16 ലക്ഷം -നവംബർ 2021, 242.84 ലക്ഷം-ഡിസംബർ 2021) , കൂടാതെ ഹാക്കത്തോൺ പദ്ധതിക്കായി 89 ലക്ഷം രൂപയും ( ജനുവരി 2022). ജനകീയാസൂത്രണത്തിന്റെ 25 - ാം വാർഷികത്തോടനുബന്ധിച്ചുള്ള പരിപാടികൾക്കായി 100 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

3) 2020-21 സാമ്പത്തിക വർഷത്തിൽ CSS പദ്ധതിയിൽ സംസ്ഥാന വിഹിതമായി 33.00 ലക്ഷം രൂപ കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) ധനസഹായം

2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചു. (16.5 ലക്ഷം രൂപ വീതം ജൂൺ 2021, ഫെബ്രുവരി 2022 എന്നീ മാസങ്ങളിൽ )

4) 2021-22 സാമ്പത്തിക വർഷത്തിൽ CSS പദ്ധതിയിൽ കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) ധനസഹായ കേന്ദ്രവിഹിതമായി 43.40 ലക്ഷം രൂപ ഡിസംബർ 2021 ൽ ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ടി സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടില്ല.

5) 2021-22 സാമ്പത്തിക വർഷത്തിലെ കിലയുടെ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് വിഹിതമായ 42.12 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 21.06 ലക്ഷം രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

**വിവിധ പദ്ധതി /പ്രൊജക്ടുകളിലായി ലഭിച്ച ധനസഹായം**

| SL No | Particulers | Amount (Rs. in Lakks) |
|---|---|---|
| 1. | Rashtreeya Garm Swaraj Abhyan(RGSA) Scheme - MoPR | 650.00 |
| 2. | Evaluation Study of Incentivization of Panchayats scheme -MoPR | 17.25 |
| 3. | Project- Present Status Rural LGS - MoPR | 8.07 |
| 4. | Project Sankalp- Ministry of Skill Development &Entreprenureship | 3.17 |
| 5. | NIUA-KILA _Project ITCN | 0.30 |
| 6. | Department of Urban Affairs - GoK | 10.85 |
| 7. | Project LG DM Plan- KSDIM- GoK | 49.88 |
| 8. | Project NCRMP - GoK | 40.00 |
| 9. | Project- University of Essex | 5.93 |
| 10. | Project GIZ | 5.20 |
| 11. | UNEP - Eco DRR Project | 29.46 |
| 12. | UNICEF - Strengthening GPs Capacity | 0.26 |
| 13. | UNDP-Indian High Range Mountain Landscape Project | 5.52 |
| 14. | UNICEF-Project -Child Budgeting Karanataka | 10.28 |
| 15. | UNICEF- Localising SDG for Child Rights | 10.96 |
| 16. | UNICEF-Capacity of GPs to monitor child developments outcome and SDGs | 17.82 |
| 17. | KIIFB Project – KILA SPV Centage Charge | 39.62 |
| | **Total** | **904.57** |

സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പ്രൊജക്ടുകളിൽ നിന്നുമായി ആകെ 3286.98 രൂപയാണ് 2021-22 സാമ്പത്തിക വർഷത്തിൽ കിലയ്ക്ക് ലഭ്യമായിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷത്തിലെ കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നച്ചുരുക്കം താഴെകൊടുക്കുന്നു

(തുക ലക്ഷത്തിൽ)

| Sl No | Particulars | Current year 2021-22 (Rs. in lakhs) | Previous year 2020-21 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | | | |
| | **A) INCOME:** | | | |
| **1** | **Income from training Programme** | **707.13** | **886.22** | **(20%)** |
| | **KILA HQ** | | | |
| | Administrative charges | 228.47 | 136.44 | |
| | Faculty and staff time | 60.48 | 19.96 | |
| | Room rent & rent training equipment, | 108.32 | 22.27 | |
| | Online Training Programmes | 309.07 | 707.55 | |
| | | | | |
| **2** | **By Grant from Government -Non Plan Fund** | **191.04** | **286.61** | **(33%)** |
| | **KILA HQ** | | | |
| | Non Plan Fund (Govt of Kerala) | 21.06 | 42.10 | |
| | **KILA Kottarakkara centre** | | | |
| | Recurring Grant 2019-2020(Govt of Kerala) | - | 116.63 | |
| | Recurring Grant 2020-2021 (Govt of India) | 33.00 | 33.00 | |
| | Recurring Grant 2021-2022 (Govt of India) | 43.42 | - | |
| | Additional Grant KILA CHRD(Govt ofKerala) | 50.00 | 50.00 | |
| | Development of Centres handed over to KILA | 43.56 | 44.88 | |
| **3** | **Interest from bank** | **76.50** | **37.95** | |
| | KILA HQ | 68.20 | 30.19 | |
| | Interest from Bank - KIIFB Project | 3.25 | 4.14 | |
| | KILA Kottarakkara centre | 5.05 | 3.62 | |
| **4** | **Other Income** | **43.23** | **29.54** | **46%** |
| | **KILA HQ** | | | |
| | Accredited Agencies-Processing Fee | 0.60 | 0.30 | |
| | Consultancy & other income | 18.27 | 10.76 | |
| | Fee for right information | 0.03 | 0.01 | |
| | Tender forms & Photostat charges | 0.79 | 0.99 | |
| | Quarters rent | 3.37 | 3.06 | |
| | Rent EDII | 0.30 | 1.19 | |
| | Cost of Tender Forms - KIIFB Project | 14.80 | 9.97 | |
| | Penalty / Late fee - KIIFB Project | - | 0.75 | |
| | Consultancy Charges | 0.15 | - | |
| | **KILA Kottarakkara centre** | | | |
| | Miscellaneous Income | 4.45 | 1.96 | |
| | Quarters Rent | 0.47 | 0.55 | |
| | | | | |
| | **TOTAL INCOME** | | | **(18%)** |

| Sl No | Particulars | Current year 2021-22 (Rs. in lakhs) | Previous year 2020-21 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | 1,017.90 | 1,240.32 | |
| | | | | |
| | **B) EXPENSES:** | | | |
| **1** | **Administration Expenses** | **649.76** | **683.92** | **(.05%)** |
| | **KILA HQ** | | | |
| | Pay and Allowances | 426.91 | 498.74 | |
| | Travelling allowances | 2.55 | 1.60 | |
| | Advertisement expenses | 0.22 | 4.01 | |
| | Audit fee | 1.46 | 1.46 | |
| | Security service charges | 21.94 | 16.44 | |
| | Legal charges & Professional Charges | 0.97 | 0.54 | |
| | Housekeeping of SAS | - | 0.03 | |
| | Recruitment Expenses | - | 1.02 | |
| | License Fee- (Fire Fighting) | 0.74 | - | |
| | Consultancy Fee | 0.90 | 0.35 | |
| | **KILA Kottarakkara centre** | | | |
| | Salary & Allowances-Core Faculty | 50.81 | 45.09 | |
| | Salary & Allowances-Staff | 138.43 | 110.22 | |
| | Travelling Expenses-Staff | 0.13 | 0.32 | |
| | Subscriptions & Periodicals | 0.33 | 0.26 | |
| | Electricity & Water Supply Expenditure | 4.37 | 3.84 | |
| **2** | **Office Expenses** | **37.78** | **33.52** | **13%** |
| | **KILA HQ** | | | |
| | Maintenance - Vehicles | 5.20 | 1.93 | |
| | Electricity Charges | 14.28 | 10.58 | |
| | GC / EC Meeting Expenses | 0.04 | 0.06 | |
| | Postage ,Telephone & Internet charges | 6.77 | 1.98 | |
| | KILA Integration Expenses | 4.07 | 4.17 | |
| | Trivandrum Regional Centre Expenses | 0.13 | 1.15 | |
| | **KILA Agali Centre** | | | |
| | Vehicle Maintenance- | 0.54 | 1.13 | |
| | Electricity Charges | 3.17 | 3.43 | |
| | Telephone Charges | 0.12 | 0.07 | |
| | News Paper & Periodicals | 0.06 | 0.06 | |
| | Office Expenses - Agali | 2.43 | 8.53 | |
| | **KILA Kottarakkara centre** | | | |
| | Printing & Stationary | 0.39 | 0.21 | |
| | Telephone Charges | 0.08 | 0.10 | |
| | Advertisement Expenses | 0.48 | 0.10 | |
| | Cleaning Charges | 0.02 | 0.02 | |
| **3** | **Training Expenses** | **105.62** | **295.16** | **(64%)** |
| | **KILA HQ** | | | |
| | Honorarium and T.A | 0.06 | 0.33 | |
| | KILA Journal | 0.43 | 0.41 | |

| Sl No | Particulars | Current year 2021-22 (Rs. in lakhs) | Previous year 2020-21 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | Printing and Stationary/Training Materials | 0.80 | 1.83 | |
| | Bed Sheet, Pillow Cover, Etc. | 0.75 | 0.24 | |
| | Washing Charges | 1.95 | 0.33 | |
| | Cable Connection Expenses | 1.88 | 2.61 | |
| | Mess expense | 7.90 | 2.25 | |
| | Photo & Recreation expense | 0.19 | 0.35 | |
| | Online training expense | 6.88 | 207.06 | |
| | **KILA Kottarakkara centre** | | | |
| | Honorarium and T.A | 4.72 | 2.27 | |
| | Cable Connection Charges CHRD | 0.28 | 0.19 | |
| | Cleaning Expenses/ Washing charges - Hostel CHRD | 0.20 | 0.09 | |
| | Mess Expenses CHRD | 14.77 | 0.79 | |
| | Campus Maintenance Charges- CHRD | 4.56 | 14.96 | |
| | Loss on Demolishion of Quarters CHRD | - | 15.03 | |
| | Online video documentation charges CHRD | 0.16 | 1.84 | |
| | Training Expenses -Programme/ Online training expense CHRD | 60.09 | 44.58 - | |
| 4 | **Other Expenses** | **100.68** | **71.85** | **40%** |
| | **KILA** | | | |
| | Bank Charges | 1.60 | 0.47 | |
| | Building Tax & water charges | 0.46 | 0.44 | |
| | Mementos | 0.20 | - | |
| | Membership fee | 0.55 | 1.01 | |
| | Newspaper and Periodicals | 1.10 | 1.09 | |
| | Repairs & Maintenance* | 31.79 | 8.51 | |
| | Miscellaneous expenses | 1.51 | 1.57 | |
| | Uniform | 0.22 | - | |
| | Accredited Agencies Expenses | - | 0.12 | |
| | Inspection Fee | 1.13 | 0.66 | |
| | KILA Day Expenses/ Panchayath day | 0.97 | 0.65 | |
| | Campus Maintenance Charges | 9.33 | 15.82 | |
| | Annual Maintenance Charges | 3.72 | - | |
| | Inauguration Expense- Museum | 1.49 | - | |
| | Covid 19 Expenses | 1.58 | 8.29 | |
| | **KILA Kottarakkara centre** | | | |
| | Fuel vehicle | 6.26 | 3.64 | |
| | Repair & maintenance Vehicle | 1.15 | 2.01 | |
| | Repair & maintenance Equipment's | 0.18 | 0.69 | |
| | Repair & maintenance others | 1.77 | 0.04 | |
| | Repair & maintenance Building | 0.78 | 0.50 | |
| | Repair & maintenance Plant & machinery | 1.33 | - | |
| | **KILA Agali Centre** | - | - | |
| | Repair & maintenance | 0.12 | 0.54 | |
| | Campus Maintenance/ Daily wages | 22.96 | 16.31 | |
| | Security Service Charges | 10.48 | 9.49 | |

| Sl No | Particulars | Current year 2021-22 | Previous year 2020-21 | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | (Rs. in lakhs) | |
| | **TOTAL EXPENSES (before depreciation)** | **893.84** | **1,084.45** | **(18%)** |
| | | | | |
| 5 | **Excess of Income over expenditure before depreciation/ (Excess of Expenditure over Income before depreciation)** | **124.06** | **155.90** | |
| 6 | **Depreciation** | **211.56** | **192.81** | **10%** |
| 7 | **Excess of Income over expenditure after depreciation/ (Excess of Expenditure over Income after depreciation)** | **(87.50 )** | **(36.90 )** | |
| | **TOTAL** | **1,105.40** | **1,277.21** | |

2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും 19/10/2022 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും (അനുബന്ധം -3) 19/10/2022 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനും ശുപാർശക്കും വിധേയമായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**തീരുമാനം**

**2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും ഗവേർണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി താഴെ പറയുംപ്രകാരം തീരുമാനങ്ങൾ കൈക്കൊണ്ടു.**

**(1) സർവ്വീസ് ടാക്സുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിലേക്ക് ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളാൻ കില ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് കില ഡയറക്ടർ ജനറൽ സ്വീകരിച്ചുവരുന്ന നടപടികൾ അംഗീകരിച്ചു.**

**(2) കിലയിൽ നിന്നും നൽകിയ മുൻകൂർ തുക 2022 ഡിസംബർ 31 നുള്ളിൽ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളാൻ ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർനടപടി കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

(3) ബില്ലുകളിൽ നിന്ന് TDS പിടിക്കുന്നത് സംബന്ധിച്ച വിഷയം അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുവാൻ കിലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ കില ഡയറക്ടർ ജനറലിന് ഗവേർണിംഗ് കൗൺസിൽ നിർദ്ദേശം നൽകി.

(4) കിലയ്ക്ക് അധിക വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കിലയിൽ നിന്നും വിവിധ ഏജൻസികൾക്ക് നൽകി വരുന്ന വിവിധ സേവനങ്ങൾ, റിസർച്ച് പ്രോഗ്രാമുകൾ എന്നിവയ്ക്ക് നിശ്ചിത ഫീസ് ഈടാക്കുന്നതിന് ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. വിവിധ രാജ്യങ്ങളിൽ നിന്നും ഇപ്പോൾ ചെയ്യുവരുന്ന പദ്ധതികൾക്ക് പുറമെ Local Governance മേഖലയിലെ വിവിധ തരത്തിലുള്ള പദ്ധതികൾ കൂടെ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിനും ആയതിലൂടെ കിലക്ക് അധിക വരുമാന ശേഷി ഉണ്ടാകുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും ഗവേർണിംഗ് കൗൺസിൽ വിശദമായി പരിശോധിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അംഗീകരിക്കുകയും ചെയ്തു. തുടർനടപടികൾ കൈക്കൊള്ളുന്നതിനായി കില ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ : 6

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ റിപ്പോർട്ട്

### 1. ഒരു കോടി രൂപയുടെ സ്കൂൾ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച്

428 സ്കൂളുകളിൽ 399 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടര്ന്ന് 'സാങ്കേതികാനുമതി സമിതികൾ' 341 സ്കൂളുകള്ക്ക് സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. തുടർന്ന് 335 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 290 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 221 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ടി പദ്ധതിയിൽ നാളിതുവരെ 26 സ്കൂൾ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞു. ടി സ്കൂളുകൾ ബഹു: സർക്കാർ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

| | DISTRICT | Total No. works | Approved by KIIFB | Not Feasible works (Nos) | Feasible works (Nos) | TS issued | Tendered | Agreement executed | Work Started | Works Inaugurated | TS remaining | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | Pending due to corrections | TS pending due to various issues |
| 1 | Thiruvananthapuram | 55 | 53 | 2 | 53 | 52 | 52 | 42 | 17 | 2 | 1 | 0 |
| 2 | Kollam | 31 | 26 | 6 | 25 | 24 | 24 | 18 | 13 | 1 | 1 | 1 |
| 3 | Pathanamthitta | 3 | 3 | 0 | 3 | 3 | 3 | 2 | 1 | 1 | 0 | 0 |
| 4 | Alappuzha | 24 | 19 | 5 | 19 | 10 | 10 | 5 | 4 | 1 | 8 | 1 |
| 5 | Kottayam | 9 | 9 | 0 | 9 | 7 | 7 | 4 | 4 | 0 | 1 | 1 |
| 6 | Ernakulam | 25 | 21 | 4 | 21 | 15 | 14 | 11 | 8 | 0 | 5 | 1 |
| 7 | Idukki | 12 | 12 | 0 | 12 | 12 | 11 | 9 | 8 | 0 | 0 | 0 |
| 8 | Thrissur | 32 | 29 | 3 | 29 | 28 | 28 | 22 | 19 | 1 | 1 | 0 |
| 9 | Palakkad | 36 | 34 | 0 | 36 | 34 | 34 | 34 | 25 | 3 | 0 | 0 |
| 10 | Malappuram | 65 | 53 | 17 | 48 | 48 | 46 | 43 | 35 | 8 | 0 | 0 |
| 11 | Kozhikkode | 31 | 29 | 3 | 28 | 22 | 21 | 21 | 17 | 1 | 2 | 5 |
| 12 | Wayanad | 30 | 30 | 0 | 30 | 25 | 25 | 22 | 19 | 0 | 2 | 3 |
| 13 | Kannur | 40 | 33 | 8 | 33 | 25 | 25 | 25 | 25 | 8 | 1 | 7 |
| 14 | Kasaragod | 53 | 48 | 5 | 48 | 36 | 35 | 32 | 26 | 0 | 7 | 5 |
| | TOTAL | 446 | 399 | 53 | 394 | 341 | 335 | 290 | 221 | 26 | 29 | 24 |

2. <u>മൂന്ന് കോടി രൂപയുടെ സ്കൂൾ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച്</u>

200 സ്കൂളുകളിൽ 150 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയിൽ നിന്നും കിലക്ക് ലഭിച്ചിട്ടുണ്ട്. 13/05/2022 -ലെ നം. GO (Rt) No. 2960/2022/GEDN നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'സാങ്കേതികാനുമതി സമിതികൾ' 73 സ്കൂളുകൾക്ക് സാങ്കേതികാനുമതി നൽകി PED കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. 1 സ്കൂൾ പ്രവർത്തിയുടെ PED ക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായി. കിഫ്ബിയുടെ അംഗീകാരം ലഭ്യമായ 1 പ്രവർത്തിയുടെ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 72 സ്കൂൾ പ്രവർത്തികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

| SPV - KILA - 3 Cr STATUS OF 200 SCHOOLS UNDER KIIFB | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| # | DISTRICT | Total No. works | DPR Approved by KIIFB | TS issued | PED Approved by KIIFB | Tendered | Approved tenders | Agreement executed | Work Started | TS remaining | | Remarks |
| | | | | | | | | | | Pending due to corrections | TS pending due to various issues | |
| 1 | Thiruvananthapuram | 19 | 15 | 14 | | | | | | | | |
| 2 | Kollam | 17 | 11 | 6 | | | | | | | | |
| 3 | Pathanamthitta | 1 | 0 | 0 | | | | | | | | |
| 4 | Alappuzha | 5 | 2 | 2 | | | | | | | | |
| 5 | Kottayam | 1 | 1 | 1 | | | | | | | | |
| 6 | Ernakulam | 2 | 0 | 0 | | | | | | | | |
| 7 | Idukki | 3 | 1 | 0 | | | | | | | | |
| 8 | Thrissur | 5 | 3 | 1 | | | | | | | | |
| 9 | Palakkad | 31 | 24 | 8 | | | | | | | | |
| 10 | Malappuram | 50 | 44 | 15 | | | | | | | | |
| 11 | Kozhikkode | 22 | 14 | 5 | 1 | 1 | | | | | | |
| 12 | Wayanad | 4 | 3 | 1 | | | | | | | | |
| 13 | Kannur | 24 | 20 | 10 | | | | | | | | |
| 14 | Kasaragod | 16 | 12 | 10 | | | | | | | | |
| | TOTAL | 200 | 150 | 73 | 1 | 1 | 0 | 0 | 0 | 0 | 0 | |

3. **അധിക ധനസഹായം സംബന്ധിച്ച്** - കിഫ്ബിയുടെ 1 കോടി രൂപാ ധനസഹായത്താൽ പൊതു വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമായ 114 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുക 1 കോടിയിൽ നിന്നും 1.30 കോടിയായി ഉയർത്തികൊണ്ട് 04/08/2022 -ലെ നം. GO (Rt) No. 4519/2022/GEDN നമ്പർ സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ 3 കോടി രൂപാ ധനസഹായത്താൽ പൊതു വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമായ 200 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുക 3 കോടിയിൽ

നിന്നും 3.90 കോടിയായി ഭരണാനുമതി ഉയർത്തികൊണ്ട് 13/05/2022 -ലെ നം. GO (Rt) No. 2960/2022/GEDN നമ്പർ സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

4. **DPR തയ്യാറാക്കുന്ന പ്രവർത്തി സംബന്ധിച്ച്** - ഒരു കോടി പ്രവൃത്തിയിൽ DPR തയ്യാറാക്കുന്ന ജോലികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിന്നു ചെയ്തിരുന്നത്. എന്നാൽ LSGD ചീഫ് എഞ്ചിനീയറുടെ 25.11.2021 ലെ സർക്കുലർ പ്രകാരം അത്തരം ചുമതലകൾ LSGD അസിസ്റ്റന്റ് എഞ്ചിനീയർമാർ ചെയ്യേണ്ടതില്ല എന്നതിനാൽ പ്രസ്തുത ചുമതലകൾ KILA PMU – ന് അധികമായി ഏറ്റെടുക്കേണ്ടി വന്നു. അതോടൊപ്പം മൂന്ന് കോടി സ്കൂൾ നിർമ്മാണ പദ്ധതിയുടെ ഭാഗമായി DPR തയ്യാറാക്കുന്ന നടപടികൾ കൂടി KILA PMU സ്വീകരിച്ചുവരികയാണ്. ആയതിലേക്ക് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ച് പദ്ധതി നടപ്പാക്കി വരുന്നു.

5. **ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി** - തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ രൂപീകരിച്ചിട്ടില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവർത്തികൾ നടപ്പിലാക്കുവാൻ അതതു ജില്ലകളിൽ സർവ്വീസിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള വരെ കൂടി ഉൾപ്പെടുത്തി ഒരു ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി പ്രവർത്തിച്ചു വരുന്നുണ്ട്. അവരുടെ മേൽനോട്ടത്തിലാണ് KILA SPV യുടെ സ്കൂൾ നിർമ്മാണ പ്രവർത്തികളുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതികാനുമതി നൽകി പ്രവർത്തികൾ നടപ്പിലാക്കുന്നതും. ടി സമിതിയിലെ അംഗങ്ങളുടെ അഭാവം പല ജില്ലകളിലും അവരുടെ സേവനം യഥാസമയം ലഭ്യമാകുന്നതിന് തടസ്സമാകുന്നുണ്ട്. ആയത് പ്രവർത്തികളുടെ സുഗമമായ പുരോഗതിയ്ക്കും പൂർത്തികരണത്തിനും എല്ലാ ജില്ലകളിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് കില SPV ആയി നടപ്പിലാക്കി വരുന്ന 3 കോടി, 1 കോടി പ്രവർത്തികളുടെ നിലവിൽ കൺസൾട്ടൻസി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഇലക്ട്രിക്കൽ പ്രോജക്ട് എഞ്ചിനീയർക്ക് ടി പ്രവർത്തികളുടെ എല്ലാ ഘട്ടത്തിലും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റുകൾ പരിശോധിക്കുന്നതിനും ഇലക്ട്രിക്കൽ പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ, മേൽനോട്ടം വഹിക്കൽ, ബിൽ തയ്യാറാക്കി ചെക്ക് മെഷർമെന്റ് ചെയ്ത് സമർപ്പിക്കൽ കിഫ്ബിയുടെ പരിശോധനയ്ക്കുള്ള മറുപടി നൽകൽ, റിവൈഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ, electrical drawing തയ്യാറാക്കൽ എന്നീ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനും മുൻകാല പരിചയസമ്പത്തുള്ള സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ളവരെ കൺസൾട്ടൻസി വ്യവസ്ഥയിൽ

നിയോഗിക്കാവുന്നതാണ് എന്ന് 08.08.2022 തീയതിയിലെ LGSD-IB2/340/2019-LSGD പ്രകാരം ഉത്തരവായിട്ടുണ്ട്

**കില- കിഫ്ബി പ്രോജക്ട് പദ്ധതിയുമായി ബന്ധപ്പെട്ട മേൽ പ്രവർത്തനങ്ങളും നടപടികളും ഗവേണിംഗ് കൌൺസിൽ മുമ്പാകെ സാധൂകരണത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം**

**കില- കിഫ്ബി പ്രോജക്ട് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളെ ഗവേർണിംഗ് കൗൺസിൽ വിശദമായി വിലയിരുത്തുകയും സാധൂകരിച്ച് അംഗീകരിക്കുകയും ചെയ്തു.**

ഐറ്റം നം. 7

**2022-23 – കില – പ്രവർത്തന റിപ്പോർട്ട്(2022 ഏപ്രിൽ സെപ്തംബർ 30 ) – അവതരണം**

**തീരുമാനം**

(1) 2020 ലെ കേരള സംസ്ഥാന Chief Minister's Award for Innovations in Public Policy for Personal Management അഞ്ചു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് Moodle സാങ്കേതിക വിദ്യ ഉപയോഗിച്ച് കില സജ്ജമാക്കിയ e-Learning സംവിധാനത്തിനാണ് അവാർഡ് ലഭ്യമായത് എന്ന വിവരം കില ഡയറക്ടർ ജനറൽ അറിയിച്ചു. കിലയുടെ കീഴിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ കാലികമായ മാറ്റത്തിലേക്കുള്ള ചുവടുവെയ്പ്പാണെന്നും കില ഡയറക്ടർ ജനറലുടെ നേതൃത്തിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയവും അഭിനന്ദനാർഹമാണെന്ന് ഗവേർണിംഗ് കൗൺസിൽ അറിയിച്ചു.

(2) 2022 ഏപ്രിൽ സെപ്തംബർ 30 വരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് കില ഡയറക്ടർ ജനറൽ അവതരിപ്പിച്ച റിപ്പോർട്ട് ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

(3) സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരഹിത പഞ്ചായത്ത് എന്ന വിഷയത്തിൽ 2022 നവംബർ 14, 15 & 16 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ദേശീയ സെമിനാറിന്റെ നടത്തിപ്പിനായും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്ക്കരണത്തിനായും കിലയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ ഗവേർണിംഗ് കൗൺസിൽ അവലോകനം ചെയ്തു. പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നിർദ്ദേശിച്ചു

(4) കേരള സംസ്ഥാന സർക്കാരിന്റെ Climate Change and Disaster Plan Tracking Tool, Risk Informed Master Plan തുടങ്ങിയ വിവിധ പദ്ധതികൾ ടി മേഖലയിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടികൾ കിലയിൽ സ്വീകരിച്ചു വരുന്ന വിവരം ഡയറക്ടർ ജനറൽ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അറിയിച്ചു. ഇത്തരം പ്രവർത്തനങ്ങൾ ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ചു.

**അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**

യോഗം ഉച്ചക്ക് 12.50 ന് അവസാനിച്ചു.

എം.ബി. രാജേഷ്
ചെയർപേഴ്സൺ, ഗവേണിംഗ് കൌൺസിൽ കില